പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6709 01.11.2011- ലെ മറുപടി

സർവ്വീസ് അപര്യാപ്തത

ചോദ്യം ഉത്തരം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ബസ്സ് യാത്രക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനനുസൃതമായ ബസ്സുകൾ നിരത്തുകളിൽ സർവ്വീസ് നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സർവ്വീസ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി. 5311 ഷെഡ്യൂൾ നടത്താൻ അനുവാദം കൊടുത്തിട്ടുള്ളതിൽ പ്രതിദിനം ശരാശരി 4700 നും, 4800 നും ഇടയ്ക്ക് ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ചില ദിവസങ്ങളിൽ 4900 നും, 5000ത്തിനും ഇടയ്ക്കുവരെ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാറുണ്ട്. ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 8:1 നിരക്കിൽ സ്പെയർ ബസ്സുകൾ ഉൾപ്പടെ 5,975 ബസ്സുകൾ ആവശ്യമാണ്. ഇപ്പോൾ കോർപ്പറേഷനിൽ 5,932 ബസ്സുകൾ മാത്രമാണുള്ളത്. (43 ബസ്സുകൾ കുറവ്). കൂടാതെ 292 ബസ്സുകൾ കാലപ്പഴക്കം കാരണം ഉടൻതന്നെ സ്ക്രാപ്പ് ചെയ്യേണ്ടിവരുന്നതിനാൽ ആകെ 335 ബസ്സുകൾ ആവശ്യമാണ്. വരുമാന കുറവുള്ള 540 ഷെഡ്യൂളുകൾ യാത്രക്കാർക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും നടത്തുന്നതിലേയ്ക്കായി ഇതിനകം തന്നെ പുനഃക്രമീകരിച്ച് കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | തൻമൂലം കെ.എസ്.ആർ.ടി.സി.ക്ക് വരുമാന വർദ്ധനവും യാത്രക്കാർക്ക് പ്രയോജനകരവുമാകുന്നതായിട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. അനുവാദം നൽകിയ ഷെഡ്യൂളുകളിൽ ഏതാണ്ട് 400 ഓളം ഷെഡ്യൂളുകൾ തീരെ വരുമാനം കുറവുള്ള 'ഡി' പൂളിൽ പ്പെടുത്തിയിട്ടുള്ളവയാണ്. ഇവ കൂടി ഓപ്പറേറ്റ് ചെയ്യുന്നതുകൊണ്ട് യാത്രക്കാർക്ക് ഗുണമുണ്ടാവുകയില്ല എന്നു മാത്രമല്ല കെ.എസ്.ആർ.ടി.സി.ക്ക് വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുമില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ഡ്രൈവർമാരുടെ നിയമനം ഏതാണ്ട് പൂർത്തിയായ സ്ഥിതിക്ക് ഡ്രൈവർമാരുടെ കുറവുമൂലമുള്ള ക്യാൻസലേഷൻ തീരെ ഇല്ലായെന്നുതന്നെ പറയാം. ഈ സാഹചര്യത്തിൽ റൂട്ട് ക്യാൻസലേഷൻ പരമാവധി ഒഴിവാക്കാൻ കഴിയുന്നതുകാരണം യാത്രക്കാർക്ക് കാര്യമായ യാത്രാക്ലേശം ഇല്ലായെന്നു കരുതുന്നു. 2006 - 2007 കാലഘട്ടം മുതൽ പ്രതിവർഷം 1000 പുതിയ ബസ് നിരത്തിലിറക്കുക എന്ന പദ്ധതിയുമായി കെ.എസ്.ആർ.ടി.സി. മുന്നോട്ട് പോയത് കാരണം 1400 ഓളം പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പ്രധാനമായും സർവ്വീസ് നടത്തിവരുന്നത് ദേശസാത്കൃത റൂട്ടുകളിലും നോട്ടിഫൈയ്ഡ് റൂട്ടുകളിലുമാണ്. കെ.എസ്.ആർ.ടി.സി.യുടെ ചെയിൻ സർവ്വീസുകൾ നഗരങ്ങളിൽ നിന്ന് നഗരങ്ങളെയും, നഗരങ്ങളിൽ നിന്ന് ചെറുപട്ടണങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടാണ് നടത്തിവരുന്നത്. റെയിൽവേ കടന്നുവരാത്ത മേഖലകളിൽ നിന്നും കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇടുക്കി, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ ചെയിൻ സർവ്വീസുകൾ |

| | | | |
|---|---|---|---|
| | | | ഉദാഹരണമായി എടുക്കാവുന്നതാണ്. ഇവയുടെയൊക്കെ ഫലമായി പൊതു ഗതാഗത രംഗത്തെ കെ.എസ്.ആർ.ടി.സി. യുടെ പങ്കാളിത്തം 13% ത്തിൽ നിന്നു 27 ശതമാനമായി വർദ്ധിപ്പിക്കുവാൻ കഴിയുകയുണ്ടായി. പ്രതിവർഷം 1000 പുതിയ ബസ്സ് വീതം തുടർന്നും നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി. ക്ക് പദ്ധതിയുണ്ട്. അതിന്റെ ഭാഗമായി ഈ വർഷം ആദ്യഘട്ടമെന്ന നിലയിൽ 500 പുതിയ ബസ്സുകൾ വാങ്ങുന്നതിന് നടപടിയെടുക്കുകയും കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബോഡി ബിൽഡിംഗ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുമുണ്ട്. 2025 ആകുമ്പോൾ പൊതുഗതാഗത രംഗത്ത് കെ.എസ്.ആർ.ടി.സി. യുടെ പങ്കാളിത്തം 50% മാക്കി ഉയർത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വരും നാളുകളിൽ ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കുന്നതിനും അതിനെ തുടർന്ന് കേരളത്തിലെ ബസ് യാത്രാക്ലേശം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുമെന്നും കരുതുന്നു. |

സെക്ഷൻ ഓഫീസർ